**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2706** **13-12-2022 - ൽ മറുപടിയ്ക്ക്**

**ആംനെസ്റ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആംനെസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ജി.എസ്.ടി.-ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്.<br><br>2022-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം സർക്കാർ നടപ്പിലാക്കിയ ആംനസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ആഗസ്റ്റ് 31-ഉം നികുതി കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം ആണ്. ആയത് 2022-ലെ കേരള ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ പ്രസ്തുത തീയതികളിൽ മാറ്റം വരുത്തുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | ഇ -6594571/എം-ധന/2022, ഇ-6594394/എം-ധന/2022 ഫയലുകളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ബി) | ആംനസ്റ്റി പദ്ധതിയുടെ സമയപരിധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ ലഭിച്ച ഇ -6594571/എം-ധന/2022, ഇ-6594394/എം-ധന/2022 പ്രകാരമുള്ള അപേക്ഷകൾ സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി നികുതി (ബി) വകുപ്പിന്റെ ബി2/139/2022/റ്റി.ഡി. നമ്പർ ഫയലിൽ പരിശോധിച്ചിട്ടുണ്ട്. ആംനസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ആഗസ്റ്റ് 31-ഉം നികുതി കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം എന്നത് 2022-ലെ കേരള |

| | | | |
|---|---|---|---|
| | | | ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ നിലവിലെ സാഹചര്യത്തിൽ ആംനസ്റ്റി പദ്ധതിയുടെ തീയതി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് 16-11-2022 തീയതിയിലെ കത്ത് പ്രകാരം അപേക്ഷകന് മറുപടി നൽകുകയും തുടർന്ന് ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടി 06-12-2022 തീയതിയിലെ കത്ത് പ്രകാരം ബഹു. കൊടുവള്ളി എം.എൽ.എ. ഡോ. എം.കെ. മുനീറിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

Azadi ka Amrit Mahotsav

നികുതി (ബി) വകുപ്പ്

നമ്പർ.ബി2/139/2022/റ്റി ഡി

06-12-2022,തിരുവനന്തപുരം

സെക്രട്ടറി

ഡോ .എം.കെ മുനീർ
എം.എൽ.എ (കൊടുവള്ളി )
എം.എൽ.എ ഓഫീസ്
കെ.എം.ഓർഫനേജിന് എതിർവശം
കൊടുവള്ളി പി.ഒ , കോഴിക്കോട്-673572

സർ,

വിഷയം:- നികുതി വകുപ്പ്-ആംനസ്റ്റി കാലാവധി നീട്ടി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

സൂചന:- 1.അങ്ങയുടെ 10/10/2022- ലെ കത്ത് മുഖേന ലഭ്യമാക്കിയ ശ്രീ.കെ.സി.അബ്ദുൾ ലത്തീഫ് എന്നയാളുടെ 27/09/2022-ലെ അപേക്ഷ.
2. 16/11/2022-ൽ ശ്രീ.കെ.സി അബ്ദുൾ ലത്തീഫിന് നൽകിയ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചന(1) കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത ശ്രീ.കെ.സി അബ്ദുൾ ലത്തീഫ് സമർപ്പിച്ച നിവേദനവും, 10.10.2022- ലെ അങ്ങയുടെ കത്തിൽ ഉന്നയിച്ച ആംനസ്റ്റി കാലാവധി നീട്ടി നൽകണമെന്ന ആവശ്യവും സർക്കാർ പരിശോധിച്ചു. 2022- ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം സർക്കാർ നടപ്പിലാക്കിയ ആംനസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ആഗസ്റ്റ് 31-ഉം നികുതി കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം ആണ്. ആയത് 2022-ലെ കേരള ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ നിയമ നിർമ്മാണത്തിലൂടെ മാത്രമേ പ്രസ്തുത തീയതികളിൽ മാറ്റം വരുത്തുവാൻ കഴിയുകയുള്ളൂ.

മേൽ സാഹചര്യത്തിൽ ആംനസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധിയിൽ വ്യക്തിഗത ഇളവുകൾ നൽകുന്നത് പ്രായോഗികമല്ല എന്ന കാര്യം സൂചന(2) കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

സീനി ജെ. ഷുക്കൂർ
അഡീഷണൽ സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

Azadi Ka Amrit Mahotsav

നികുതി (ബി) വകുപ്പ്

16-11-2022,തിരുവനന്തപുരം

നമ്പർ.ബി2/139/2022/റ്റി ഡി

സെക്രട്ടറി

ശ്രീ.കെ.സി അബ്ദുൾ ലത്തീഫ്

വയലിൽ ഹൗസ്

പരപ്പൻ പൊയിൽ പി .ഒ

താമരശ്ശേരി-673573

സർ,

വിഷയം:- -നികുതി വകുപ്പ്-ആംനെസ്റ്റി പദ്ധതി സ്വീകരിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകണമെന്ന അപേക്ഷ-സംബന്ധിച്ച്

സൂചന:- 1. ബഹു.കേരള ധനകാര്യ വകുപ്പ് മന്ത്രിക്ക് താങ്കൾ സമർപ്പിച്ച 27/09/2022-ലെ അപേക്ഷ.

2. സംസ്ഥാന ചരക്ക സേവന നികുതി കമ്മീഷണറുടെ 02/11/2022-ലെ CT/7991/2022/C6 നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2022- ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം സർക്കാർ നടപ്പിലാക്കിയ ആംനെസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ആഗസ്റ്റ് 31-ഉം നികുതി കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം ആണ്. ആയത് 2022-ലെ കേരള ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ ആംനെസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധിയിൽ വ്യക്തിഗത ഇളവുകൾ നൽകുന്നത് പ്രായോഗികമല്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,
ഹേമലത സി കെ
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ.